ഞാൻ അദ്ദേഹത്തോട് തോൽക്കുകയും ചെയ്യുന്നു. സാധാരണ ഒരു പ്രമേയം തൃശ്ശൂർ മെമ്പർ എതിർത്താൽ അതു് ആവശ്യമുള്ള നല്ല നിശ്ചയമാണെന്നു തീർച്ചയായും ഊഹിക്കാം. അങ്ങിനെയുള്ള ഒരു സ്വഭാവമാണ് അദ്ദേഹത്തിനുള്ളതു്. റോഡ് എടുക്കയാണെങ്കിൽ യാതൊരു ഉപദ്രവവും ഉണ്ടാകയില്ല. ഗവൺമെൻറിനേറയും മഹാരാജാവു തിരുമനസ്സിലേയും നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്ന ജനങ്ങളോട് എന്തു ചെയ്താലും, അവരാരും ബഹളം കൂട്ടുകയില്ല. പിന്നെ ഒണ്ടാകും, അതു നിശ്ചയമാണ്. അനേകലക്ഷം ജനങ്ങളുടെ ഉള്ളിൽ വെറുപ്പും അവജ്ഞയും സങ്കടവും ഉണ്ടാകും. വേറെ ഒരാപത്തും ഉണ്ടാകയില്ല. ഇങ്ങിനെയുള്ള സങ്കടവും അവജ്ഞയും വെറുപ്പും നിരപരാധികളും നിയമാനുസാരികളും രാജഭക്തന്മാരുമായ ഒരു വലിയ ജനവിഭാഗത്തിന്നിടക്ക് ഉണ്ടാക്കുന്നതു് ബുദ്ധിപൂർവ്വകമാണോ?

ഇനി മതത്തിന്റെ കാര്യത്തിൽ ചിലതു പറയാം. തന്ത്രവും പൂജയും മറ്റും ഇപ്പോൾ ഇവിടെ പറഞ്ഞവക്കു മാത്രമുള്ളതാണോ? മഹാത്മാഗാന്ധി തന്നെ ഹിന്ദുമതം രക്ഷിക്കണമെന്നു് ആഗ്രഹമുള്ള ആളല്ലേ? മാളവ്യജിക്കും അതിന്നു് ആഗ്രഹമില്ലേ? ഹിന്ദുമഹാസഭയിലെ പ്രമാണികൾക്കും ഹിന്ദുമതം രക്ഷിക്കണമെന്ന മോഹമില്ലേ? അവരൊക്കെ ഇപ്പോൾ ക്ഷേത്രപ്രവേശനത്തിനുകൂടി അനുകൂലികളാണ്. കുറെ ആളുകൾ ആ റോഡിൽക്കൂടി പോയി എന്നുവന്നാൽ ദൈവവും തന്ത്രവും മന്ത്രവും എവിടെ പോകുമെന്നാണു് ഞാൻ ചോദിക്കുന്നതു്. അങ്ങിനെയാണെങ്കിൽ, അതു പുറത്തെടുക്കുവാൻ കൊള്ളാത്ത ചരക്കാണു്. ഹിന്ദുമതത്തേയും തൃശ്ശൂരിലെ ജാതിഹിന്തുക്കളുടെ ആത്മാഭിമാനത്തേയും രക്ഷിക്കുവാൻവേണ്ടിത്തന്നെ ഗവൺമെണ്ടു് ഈ നിശ്ചയം സ്വീകരിക്കണമെന്നാണു് ഞാൻ പറയുന്നതു്".

Motion was, with leave, withdrawn.

20. Expiry of the period of nominated or by-elected Panchayat Members.

The following Resolution standing in the name of Mr. P. Kumaran Ezhuthassan was considered withdrawn as the member was absent.

"This Council recommends to the Government that by-elections and nomination necessitated during the life time of any one Panchayat may be made, so that the period of such elected or nominated member may cease with the life of the Panchayat".

21. Kizhakkumpattukara Municipal Tank.

Mr. K. Ayyappan.—*"This Council recommends to the Government not to accede to the move to reserve the Municipal*

LIBRARY ARCHIVES Kerala Legislative Assembly